**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 890** **26-07-2021 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിൽ ആകെ എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്നും അതിൽ എത്ര വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് എന്നും പേര് സഹിതം അറിയിക്കാമോ; | (എ) | മലമ്പുഴ മണ്ഡലത്തിൽ ആകെ 14 വില്ലേജ് ഓഫീസുകളാണ് ഉള്ളത്. അതിൽ മരുതറോഡ്, പുതുശ്ശേരി ഈസ്റ്റ് എന്നീ 2 വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുവാൻ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, പ്ലാൻ ഫണ്ട് എന്നീ പദ്ധതികളിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (ബി) | സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്ന പ്രവൃത്തിക്ക് ഓരോ വില്ലേജ് ഓഫീസിനും അനുവദിച്ചിട്ടുള്ള തുകയും പ്രവർത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; പ്രസ്തുത പ്രവർത്തിയുടെ നിർവഹണ ഏജൻസി ഏതെന്ന് അറിയിക്കാമോ? | (ബി) | സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്ന പ്രവൃത്തിക്ക് ഓരോ വില്ലേജ് ഓഫീസിനും 44 ലക്ഷം രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. മരുതറോഡ് വില്ലേജ് ഓഫീസിന്റെ റൂഫ് കോൺക്രീറ്റ് കഴിഞ്ഞിട്ടുള്ളതാണ്. പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി ഒരു സ്വകാര്യ വ്യക്തി സ്ഥലം വിട്ടു നൽകാൻ തയ്യാറായെങ്കിലും ടിയാൻ തന്റെ കൈവശത്തിലുള്ള മുഴുവൻ സ്ഥലവും ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ളതിനാൽ ബാങ്കിൽ നിന്നും എൻ.ഒ.സി ലഭിക്കാത്തതിനെ തുടർന്ന് ലാൻഡ് റിലിങ്കിഷ്മെന്റ് നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ടി സാഹചര്യത്തിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മരുതറോഡ് വില്ലേജ് ഓഫീസിന്റെ നിർവ്വഹണ ഏജൻസി സംസ്ഥാന നിർമ്മിതി കേന്ദ്രവും പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസിന്റെ നിർവ്വഹണ ഏജൻസി പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രവുമാണ്. |

സെക്ഷൻ ഓഫീസർ